# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2920  07.02.2018 ൽ മറുപടിക്ക്**

**റാന്നി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) റാന്നി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഏതൊക്കെ പ്രവൃത്തികളാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകരിച്ചിട്ടുള്ളത്; ഓരോ പ്രവൃത്തിക്കും എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) & ബി) | റാന്നി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകരിച്ചിട്ടുള്ള എല്ലാ പ്രവൃത്തികളുടെയും സൂക്ഷ്മപരിശോധന നടന്നു വരുന്നു. പ്രവൃത്തികളുടെ പേര്, തുക, ഫയൽ ആരുടെ പക്കലാണ് എന്നീ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. മണ്ണാറകുളഞ്ഞി - പമ്പ റോഡിൽ കല്ലാർ നദിക്കു കുറുകെ വടശ്ശേരിക്കര പുതിയ പാലം നിർമ്മാണം -14.06 കോടി രൂപ — അസിസ്റ്റന്റ് എഞ്ചിനീയർ, ളാഹ<br><br>2. റാന്നി വലിയ പാലം - 26.76 കോടി രൂപ - ചീഫ് എഞ്ചിനീയർ, നിരത്തു വിഭാഗം, തിരുവനന്തപുരം.<br><br>3. മടത്തുംചാൽ - മുക്കൂട്ടുതറ റോഡ് നവീകരണം - 42.18 കോടി രൂപ — ചീഫ് എഞ്ചിനീയർ നിരത്തു വിഭാഗം, തിരുവനന്തപുരം.<br><br>4. വാലാങ്കര - അയിരൂർ റോഡ് നവീകരണം - 19.59 കോടി രൂപ — അസിസ്റ്റന്റ് എഞ്ചിനീയർ മല്ലപ്പള്ളി.<br><br>5. ജേക്കബ്സ് റോഡ് നവീകരണം - 36.90 കോടി രൂപ- അസിസ്റ്റന്റ് എഞ്ചിനീയർ മല്ലപ്പള്ളി |
| ബി) പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച തുടർനടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ചുള്ള ഓരോ ഫയലും ആരുടെ പക്കലാണെന്ന് അറിയിക്കാമോ; | | |
| സി) എന്തൊക്കെ നടപടികളാണ് ഇനി പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിയും എന്ന് ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കുമോ? | സി) | സാങ്കേതികാനുമതിയും ലാന്റ് അക്വിസിഷനും ടെണ്ടർ നടപടികളും പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ